**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4256** **18-03-2025 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവകലാശാലകളും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും കൈവശമുള്ള പണം ട്രഷറിയിലേക്ക് കൈമാറണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സർക്കാർ ധനസഹായം (പദ്ധതി/ പദ്ധതി ഇതര ഗ്രാന്റ്) സ്വീകരിച്ചുപോരുന്ന സ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള ബാങ്ക് നിക്ഷേപങ്ങളുടെ ഒരു നിശ്ചിത ശതമാനം ട്രഷറിയിലേക്ക് മാറ്റുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു (ഇത് സംബന്ധിച്ച് നൽകിയ കുറിപ്പുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു). |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സർവകലാശാലകളും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും എത്ര തുക വീതം ട്രഷറിയിലേക്ക് കൈമാറി എന്ന് വ്യക്തമാക്കുമോ; | (ബി) | ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്കു മാറ്റിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരാണ്. |
| (സി) | പ്രസ്തുത തുക മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി പിൻവലിക്കേണ്ടി വരുമ്പോൾ, സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പണം പിൻവലിക്കുന്നതിനുള്ള ട്രഷറി നിയന്ത്രണങ്ങൾ ബാധകമായിരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്ഥാപനങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്കായി ഒരു നിശ്ചിത ശതമാനം തുക ബാങ്കിൽ സൂക്ഷിക്കുന്നതിന് സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങൾ തങ്ങളുടെ തനത് ഫണ്ട് മുഖേന നടത്തുന്ന ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് വെയ്സ് ആന്റ് മീൻസ് നിയന്ത്രണം കൈകാര്യം ചെയ്യുന്ന WAMS ആപ്ലിക്കേഷനിലൂടെ Claim സമർപ്പിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

**DR. A. JAYATHILAK IAS**
**Additional Chief Secretary**

**Government of Kerala**
തീയതി : 09/01/2025.

നം. എസ്.എസ്. 1/464/2024-ധന. (2954054).

## കുറിപ്പ്

സർക്കാർ ധനസഹായം (Plan / Non-Plan ഗ്രാന്റ്) സ്വീകരിച്ചുപോരുന്ന സ്ഥാപനങ്ങൾ തങ്ങളുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളിലെയും 80 ശതമാനത്തിൽ കുറയാത്ത നിക്ഷേപങ്ങൾ (തനത് ഫണ്ട് മുഖേനയുള്ള നിക്ഷേപങ്ങൾ) ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നിർദ്ദേശം അടുത്ത ഗഡു Plan / Non-Plan ഗ്രാന്റ് due ആകുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. നിക്ഷേപങ്ങൾ ട്രഷറി നിക്ഷേപമായി മാറ്റിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഭരണ വകുപ്പ് പരിശോധിച്ച് ഭരണ വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ (സാക്ഷ്യപത്രത്തിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു) അടുത്ത ഗഡു ഗ്രാന്റ് അനുവദിക്കുകയുള്ളു. താങ്കളുടെ കീഴിൽ വരുന്ന വകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എ. ജയതിലക്
അഡിഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും.

Finance, Stores Purchase, Planning & Economic Affairs (RKI) Departments &
Chief Executive Officer, Rebuild Kerala Initiative
Government Secretariat, Thiruvananthapuram-695 001, Kerala, India
Tel : 0471-2327586, 0471-2518292
E-mail : acs.finance@kerala.gov.in

DR. A. JAYATHILAK IAS
Additional Chief Secretary

Government of Kerala
തീയതി : 21/02/2025.

നം. എസ്.എസ്. 1/464/2024-ധന. (E 2954054).

## കുറിപ്പ്

സർക്കാർ ധനസഹായം (പദ്ധതി / പദ്ധതി ഇതര ഗ്രാന്റ്) സ്വീകരിച്ചുപോരുന്ന സ്ഥാപനങ്ങൾ തങ്ങളുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളിലും ഉള്ള നിക്ഷേപത്തിന്റെ 80 ശതമാനത്തിൽ കുറയാത്ത നിക്ഷേപങ്ങൾ (തനത് ഫണ്ട് മുഖേനയുള്ള നിക്ഷേപങ്ങൾ) ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിട്ട് ആയതിന്റെ വിശദാംശങ്ങൾ ഭരണ വകുപ്പ് പരിശോധിച്ച് ഭരണ വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടി സ്ഥാപനങ്ങൾക്ക് അടുത്ത ഗഡു ഗ്രാന്റ് അനുവദിക്കുകയുള്ളൂ എന്ന് 09/01/2025 ലെ മേൽ നം. കുറിപ്പ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, പദ്ധതി ഇതര ഗ്രാന്റ് അനുവദിക്കുന്നതിന് മേൽ വ്യവസ്ഥ പാലിക്കേണ്ടതില്ലായെന്ന് അറിയിക്കുന്നു. അതേസമയം, പദ്ധതി ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിൽ മുൻപ് നൽകിയ നിർദ്ദേശം പാലിക്കേണ്ടതാണ്. താങ്കളുടെ കീഴിൽ വരുന്ന വകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എ. ജയതിലക്
അഡിഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും.

Finance, Stores Purchase, Planning & Economic Affairs (RKI) Departments &
Chief Executive Officer, Rebuild Kerala Initiative
Government Secretariat, Thiruvananthapuram-695 001, Kerala, India
Tel : 0471-2327586, 0471-2518292
E-mail : acs.finance@kerala.gov.in